"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. റിനി റാണി എസ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഭൂജല വകുപ്പ് - പ്രൊബേഷൻ പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ഭൂജല) വകുപ്പ്**

സ.ഉ.(സാധാ) നം.**282/2024/WRD** തീയതി,തിരുവനന്തപുരം, **30-03-2024**

---

പരാമർശം:- 1. **06/01/2022** തീയതിയിലെ സ.ഉ.(സാധാ) നം **14/2022/** ജവിവ നമ്പർ സർക്കാർ ഉത്തരവ്.

2. **29/08/2022** തീയതിയിലെ അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ **GE25/C/GWD/R16/280** നമ്പർ കത്ത്.

3. ഭൂജല വകുപ്പ് ഡയറക്ടറുടെ **16/02/2024, 22/03/2024** തീയതികളിലെ **DGWD/2812/2023-E2** നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഭൂജല വകുപ്പിലെ ശ്രീമതി റിനി റാണി എസ് ന് പരാമർശം **(1)** പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ പ്രമോഷൻ മുഖേന നിയമനം ലഭിക്കുകയും **07/01/2022** തീയതിയിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ പ്രൊബേഷൻ കാലയളവ് തുടർച്ചയായ ഒരു വർഷത്തിനുള്ളിൽ **6** മാസക്കാലമാണ്. ടിയാളുടെ പ്രൊബേഷൻ കാലയളവായ **07/01/2022** മുതൽ **06/07/2022** വരെ **non qualifying service** ഇല്ല എന്ന് പരാമർശം**(2)** പ്രകാരം അക്കൗണ്ടന്റ് ജനറൽ (എ&ഇ) അറിയിച്ചിട്ടുണ്ട്. ടിയാരിക്കെതിരെ വിജിലൻസ് കേസോ അച്ചടക്ക നടപടിയോ നിലവിലില്ലായെന്നും ടിയാരി **2022** മാർച്ച് **28, 29** ദിവസങ്ങളിൽ ഡയസ്നോൺ ആയിരുന്നുവെന്നും ആയതിനാൽ പ്രൊബേഷൻ **09/07/2022** തീയതിയിൽ വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കണമെന്നും ഭൂജല വകുപ്പ് ഡയറക്ടർ പരാമർശം **(3)** പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി റിനി റാണി എസ് -ന്റെ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ **09/07/2022** തീയതി പൂർവ്വാഹനം പ്രാബല്യത്തിൽ വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**DEEPA N.C**

ഡെപ്യൂട്ടി സെക്രട്ടറി

- ഡയറക്ടർ, ഭൂജല വകുപ്പ്, തിരുവനന്തപുരം.
- ശ്രീമതി. റിനി റാണി എസ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ (ഭൂജല വകുപ്പ് ഡയറക്ടർ മുഖേന)
- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ / ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
- വെബ് ആന്റ് ന്യൂ മീഡിയ
- സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Julie K S
Date: 30-03-2024 11:06:17

സെക്ഷൻ ഓഫീസർ